ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

126 [1305] ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, കെ. ഇ. ഇസ്മയിൽ:
,, പി. രാജു:
,, സി. കെ. ചന്ദ്രപ്പൻ:
,, കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഈ ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ തസ്തികകൾ എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനും സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ താൽക്കാലികമായി ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ അടുത്തുള്ള ആശുപത്രികളിൽ നിന്നും അഡീഷണൽ ചാർജ് നൽകി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒഴിവുവരുന്ന മുറയ്ക്ക് പി. എസ്. സി. വഴി ഡോക്ടർമാരെ നിയമിച്ചുവരുന്നു.

(സി) പി. എസ്. സി. മുഖേന 440 അസിസ്റ്റൻറ് സർജൻമാരുടെ തസ്തികകളിൽ നിയമനം നടത്തിക്കഴിഞ്ഞിട്ടുണ്ട്. സ്പെഷ്യലിസ്റ്റുകളുടെ ലഭ്യത അനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കോഴിക്കോട് ഡെൻറൽ കോളേജുകൾക്ക് സ്വതന്ത്ര പദവി

127 [1306] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം, കോഴിക്കോട് ഡെൻറൽ കോളേജുകൾക്ക് സ്വതന്ത്ര പദവി നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly